## പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.T 937** — **09.08.2017-ൽ മറുപടിക്ക്**

## സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ വേതനം

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.കെ.മുരളീധരൻ : | ശ്രീ. ടി. പി. രാമകൃഷ്ണൻ<br>തൊഴിലും എക്സൈസും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ സമരം അവസാനിപ്പിക്കുവാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ; | (എ) സ്വകാര്യ ആശുപത്രിയിലെ നഴ്സുമാരുടെ സമരം അവസാനിപ്പിക്കുന്നതിന്റെ ഭാഗമായി ലേബർ കമ്മീഷണറുടെ സാന്നിദ്ധ്യത്തിൽ കൂടിയ വിവിധ വ്യവസായ ബന്ധ സമിതി യോഗങ്ങളിൽ ചർച്ച നടത്തിയിട്ടുണ്ട്. തുടർന്ന് ബഹു.തൊഴിലും നൈപുണ്യവും എക്സൈസ് വകുപ്പ് മന്ത്രി ഈ വിഷയത്തിൽ സംഘടനാ പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നു. ബഹു.മുഖ്യമന്ത്രി 20.07.17-ൽ ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചു ചേർക്കുകയും സമരം അവസാനിപ്പിക്കുന്നതിനുതകുന്ന തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്തു. |
| (ബി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ അടിസ്ഥാന ശമ്പളം എത്ര രൂപയായി നിജപ്പെടുത്തണമെന്നാണ് സുപ്രീംകോടതി നിയോഗിച്ച കമ്മിറ്റി ശിപാർശ ചെയ്തിട്ടുള്ളത്; | (ബി)<br>• 50 വരെ കിടക്കകളുള്ള സ്ഥാപനങ്ങൾ - ഏറ്റവും കുറഞ്ഞ വേതനം - 20000/- രൂപ<br>• 51 മുതൽ 100 വരെ കിടക്കകളുള്ള സ്ഥാപനങ്ങൾ - സർക്കാർ നഴ്സുമാരുടെ വേതനത്തിൽ നിന്നും 25% ൽ കുറച്ചിട്ടുള്ള തുകയിൽ കുറയാത്തത്.<br>• 101 മുതൽ 200 വരെ കിടക്കകളുള്ള സ്ഥാപനങ്ങൾ-സർക്കാർ നഴ്സുമാരുടെ വേതനത്തിൽ നിന്നും 10%ൽ കുറച്ചിട്ടുള്ള തുകയിൽ കുറയാത്തത്.<br>• 200 നു മുകളിൽ കിടക്കകളുള്ള സ്ഥാപനങ്ങൾ - സർക്കാർ നഴ്സിന് തുല്യമായ വേതനം. |
| (സി) സ്വകാര്യ ആശുപത്രികളിലെ നഴ്സുമാരുടെ അടിസ്ഥാന ശമ്പളം വർദ്ധിപ്പിക്കുവാനുള്ള | (സി) 10.07.2017-ൽ കൂടിയ മിനിമം വേതന ഉപദേശക സമിതിയുടെ യോഗത്തിൽ ജി.എൻ.എം. നഴ്സിന്റെ അടിസ്ഥാനവേതനം 17,200/- രൂപയായി നിശ്ചയിക്കുകയും |

| | | |
|---|---|---|
| | തീരുമാനം മിനിമം വേജസ് കമ്മിറ്റി കൈക്കൊണ്ടിട്ടുണ്ടോ; വിശദാംശം നൽകുമോ ; | നിലവിലുണ്ടായിരുന്ന അഡീഷണൽ അലവൻസുകൾ അതേ നിരക്കിൽ തുടർന്നും നൽകുവാനും നഴ്സിംഗ് അലവൻസിൽ ആനുപാതികമായ വർദ്ധനവ് വരുത്തുന്നതിനും ധാരണയായിരുന്നു. |
| (ഡി) | സുപ്രീംകോടതി നിയമിച്ച കമ്മിറ്റിയുടെ ശിപാർശക്ക് വിരുദ്ധമായ തീരുമാനം മിനിമം വേജസ് കമ്മിറ്റി കൈക്കൊണ്ടത് ഏത് സാഹചര്യത്തിലാണ് വ്യക്തമാക്കാമോ? | (ഡി) സ്വകാര്യ ആശുപത്രി മേഖലയിലെ എല്ലാ വിഭാഗം ജീവനക്കാരുടെയും (170 ഓളം തസ്തികകൾ) മിനിമം വേതനം നിശ്ചയിക്കുന്നതിനായി നിയമിതമായ കമ്മിറ്റി മിനിമം വേതനം സംബന്ധിച്ച ഒരു മാനദണ്ഡം തയ്യാറാക്കുകയും ആയത് കമ്മിറ്റിയിൽ ചർച്ചചെയ്ത് തീരുമാനിക്കുകയുമാണുണ്ടായത്. എന്നാൽ ഇക്കാര്യത്തിൽ വിയോജിപ്പ് രേഖപ്പെടുത്തപ്പെട്ട സാഹചര്യത്തിൽ മിനിമം വേതനം സംബന്ധിച്ച ശുപാർശകളൊന്നും കമ്മിറ്റി സർക്കാരിന് സമർപ്പിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ.